ദേശാഭിമാനി

06 April 2018

# 10 മത്സ്യ, ചെമ്മീൻ ഇനങ്ങളുടെ മുൻഗണനാപ്പട്ടിക തയ്യാറായി

**കൊച്ചി** > ഇന്ത്യൻ സമുദ്രവിഭവങ്ങളുടെ കയറ്റുമതിമൂല്യം ഉയർത്തുന്നതിന്റെ ഭാഗമായി വിദേശവിപണിയിൽ കൂടുതൽ സ്വീകാര്യത ലഭിക്കാനുള്ള മറൈൻ സ്റ്റിവാർഡ്ഷിപ് കൗൺസിൽ (എംഎസ്സി) സർട്ടിഫിക്കേഷൻ നേടുന്നതിന് 10 മത്സ്യ, ചെമ്മീൻ, ഞണ്ട്, കക്ക ഇനങ്ങളുടെ മുൻഗണനാപ്പട്ടിക തയ്യാറായി. സിഎംഎഫ്ആർഐയിൽ നടന്ന പാനൽചർച്ചയിലാണ് പട്ടിക തയ്യാറാക്കിയത്. കാവാലൻ ഞണ്ട്, ചെമ്മീൻ, റെഡ്റിങ് ചെമ്മീൻ, കൂന്തൽ, പ്രാമുട്ട ശംഖ്, ഫ്ളവർ ചെമ്മീൻ, കള്ളൻ കണവ, കടൽക്കൊഞ്ച്, വരയൻചൂര, കിളിമീൻ എന്നിവയെയാണ് തെരഞ്ഞെടുത്തത്. വിദേശവിപണികളിലെ വാണിജ്യപ്രാധാന്യം കണക്കിലെടുത്ത് തയ്യാറാക്കിയതാണ് പട്ടിക.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ഡോ. സുനിൽ മുഹമ്മദ്, ലണ്ടൻ ആസ്ഥാനമായ മറൈൻ സ്റ്റിവാർഡ്ഷിപ് കൗൺസിലിന്റെ പ്രോഗ്രാം മേധാവി ഡോ. ഡോ യെമി ഓലാരുന്ദുയി എന്നിവർ സംസാരിച്ചു. സമുദ്രവിഭവങ്ങൾക്ക് സുസ്ഥിരത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഡോ. സുനിൽ മുഹമ്മദ് ചെയർമാനായും മത്സ്യമേഖലയിലെ വിദഗ്ധർ, സമുദ്രമത്സ്യ കയറ്റുമതി വ്യവസായികൾ, മത്സ്യത്തൊഴിലാളികൾ, മൊത്തവ്യാപാരികൾ തുടങ്ങിയവരെ പ്രതിനിധീകരിച്ച് 12 പേർ അംഗങ്ങളായുമുള്ള സസ്റ്റയ്നബിൾ സീഫുഡ് നെറ്റ്‌വർക്ക് രൂപീകരിച്ചു.